# ആർ.ഡി.ഒ. ആന്റണി വീണ്ടും ക്രൂശിക്കപ്പെടുന്നു

ടി.സി. രാജേഷ്

റവന്യൂ ഡിവിഷണൽ ഓഫീസർ ടി.ടി. ആന്റണിയെ കേരളം മറന്നിട്ടുണ്ടാവും. വർഷങ്ങൾക്കു മുമ്പ് കൂത്തുപറമ്പ് വെടിവെപ്പിന്റെ പേരിൽ സസ്പെൻഡ് ചെയ്യപ്പെട്ട സർക്കാരുദ്യോഗസ്ഥൻ. മന്ത്രിയോടൊപ്പം പോയി വെടിവെക്കാൻ ഉത്തരവിട്ടു എന്നതായിരുന്നു ആന്റണിക്കെതിരെ ഇടതുപക്ഷം ചാർത്തിയ കുറ്റം. ഏറെക്കാലം നിശ്ശബ്ദനായിരുന്ന ആന്റണി ഒടുവിൽ തന്റെ പദവി സർക്കാറിന്റെ നല്ലതിനുവേണ്ടി ഉപയോഗിച്ചപ്പോൾ വലതുപക്ഷത്തെ ചിലർക്കതു സുഖിച്ചില്ല. പരിണതഫലം - ദൗത്യം പൂർത്തിയാകും മുമ്പേ സ്ഥലം മാറ്റം.

ദേവികുളം ആർ.ഡി.ഒ: ടി.ടി. ആന്റണി വീണ്ടും മാധ്യമശ്രദ്ധ പിടിച്ചുപറ്റിയത് മതികെട്ടാൻ റവന്യൂ വനഭൂമി കയ്യേറ്റവുമായി ബന്ധപ്പെട്ടതാണ്. ഇതുവരെ ദേവികുളത്തെത്തിയ പല ആർ.ഡി.ഒമാരും മതികെട്ടാൻ കയ്യേറ്റത്തിനു നേരെ കണ്ണടച്ചപ്പോൾ ഫെബ്രുവരിയിൽ ചാർജെടുത്ത ആന്റണി ശക്തമായ നടപടികൾക്ക് മുന്നൊരുക്കമാരംഭിച്ചു. ഒപ്പം റേഞ്ച് ഓഫീസർ വി.കെ. ഫ്രാൻസിസുമുണ്ടായിരുന്നു. ന



ടപടിയെടുക്കാൻ രണ്ടുവർഷം വൈകിയതിന്റെ പേരിൽ ഫ്രാൻസിസ് നേരത്തെ തന്നെ സസ്പെൻഡ് ചെയ്യപ്പെട്ടു. നടപടി വൈകിയതാണോ നടപടിയെടുക്കാൻ ആന്റണിക്ക് കൂട്ടുനിന്നതാണോ ശിക്ഷയുടെ കാരണമെന്നത് ഇപ്പോഴും ദുരൂഹം. എന്തായാലും മന്ത്രി മാണിയേയും, കേരള കോൺഗ്രസിനേയും വെള്ളം കുടിപ്പിച്ച ആന്റണിയെ ഏഴു മാസത്തിനകം സർക്കാർ തെറിപ്പിച്ചു. ചെങ്ങന്നൂരിലേക്ക്.

ഉടുമ്പൻചോല താലൂക്കിലെ പതിറ്റാണ്ടുകൾ പഴക്കമുള്ള മതികെട്ടാൻ കയ്യേറ്റപ്രശ്നത്തിൽ കടിയിറ

ഫോൺ:0487_442

# ആർ.ഡി.ഒ. ആന്റണി വീണ്ടും ക്രൂശിക്കപ്പെടുന്നു

1-ാം പേജ് തുടർച്ച

ക്കിനു നേതൃത്വം കൊടുത്തതും, ഉന്നതോദ്യോഗസ്ഥന്മാരെപ്പോലും വകവെയ്ക്കാതെ റിപ്പോർട്ട് നൽകിയതുമാണ് ടി.ടി. ഇപ്പോൾ ചെയ്ത തെറ്റ്. അങ്ങാടിയിൽ തോറ്റതിന് അമ്മയോടെന്ന പോലെ താലൂക്കിലെ മുഴുവൻ ജീവനക്കാരേയും സ്ഥലം മാറ്റിയ ചില ഭരണക്കാർക്ക് അന്ന് ആന്റണിയെ തൊടാനായില്ല. മാധ്യമങ്ങൾ പുലർത്തിയ ജാഗ്രതയും ചില മന്ത്രിമാരുടെയും ജനപ്രതിനിധികളുടെയും സമയോചിതമായ ഇടപെടലും മൂലമായിരുന്നു ഇത്. ആന്റണി സ്ഥലം മാറ്റ ഭീഷണി കൊണ്ടൊതുങ്ങുമെന്ന് കരുതിയവർക്ക് തെറ്റി.

1994ൽ വൃന്ദാവൻ ഹോട്ടൽ കേന്ദ്രീകരിച്ച് സമാന്തരസർക്കാർ സംവിധാനം ഉപയോഗിച്ച് വിതരണം ചെയ്ത മൂന്നാർമേഖലയിലെ പട്ടയങ്ങൾക്കെതിരായി ആന്റണിയുടെ പിന്നത്തെ നീക്കം. വ്യാജമായി പതിച്ചുനൽകിയ 616 പട്ടയങ്ങളിൽ 220 എണ്ണം ആന്റണി റദ്ദു ചെയ്തതോടെ കയ്യേറ്റലോബിക്കാരുടെ ഹാലിളകി. ഒരു ഡെപ്യൂട്ടി കലക്ടർ ഉൾപ്പെടെ നിരവധി ഉദ്യോഗസ്ഥരും വിവിധകക്ഷികളിൽപ്പെട്ട രാഷ്ട്രീയനേതാക്കളും ആരോപണവിധേയരായ സംഭവമായിരുന്നു വൃന്ദാവൻ പട്ടയത്തിന്റേത്. എട്ടുവർഷത്തോളം ചുവപ്പുനാടയ്ക്കുള്ളിൽ വിശ്രമിച്ച ഫയലുകൾ പൊടിതട്ടിയെടുത്ത്, കുറ്റക്കാരായ 14 ഉദ്യോഗസ്ഥർക്കെതിരെ നടപടി എടുക്കണമെന്നാവശ്യപ്പെട്ട് ആന്റണി സർക്കാറിനു റിപ്പോർട്ട് നൽകി. ഇതോടെ ഉദ്യോഗസ്ഥ-കയ്യേറ്റ-രാഷ്ട്രീയ ലോബിയുടെ ഉറക്കെ കെട്ടു.പീരുമേട് താലൂക്കിലെ വാഗമൺ, ഏലപ്പാറ മേഖലകളിലെ റവന്യൂ ഭൂമി കയ്യേറ്റത്തെപ്പറ്റി അന്വേഷിച്ചതും ഇതേ ആർ.ഡി.ഒ തന്നെയായിരുന്നു. പ്രാഥമിക അന്വേഷണത്തിൽ തന്നെ വൻകിട കയ്യേറ്റക്കാരുടെ സാന്നിധ്യം മനസ്സിലാക്കിയ ആന്റണി വിശദമായ അന്വേഷണത്തിലേക്ക് കടന്നതോടെയാണ് ഇപ്പോഴത്തെ സ്ഥലംമാറ്റം.

കേരള കോൺഗ്രസ്സ് (എം) പാർട്ടിയുടെ ചില സംസ്ഥാന നേതാക്കളുടെ താൽപര്യമായിരുന്ന ആർ.ഡി.ഒയുടെ മാറ്റത്തിനു പിന്നിലെന്നു പറയുന്നു. ആന്റണിയുടെ സാന്നിദ്ധ്യം തങ്ങൾക്ക് അപകടകരമാണെന്ന് മനസ്സിലാക്കിയ ദേവികുളം-മൂന്നാർ മേഖലയിലെ ടൂറിസ്റ്റ് റിസോർട്ട് ലോബികളും റവന്യൂഭൂമിയുടെ മൊത്തക്കച്ചവടക്കാരും ഈ സ്ഥലംമാറ്റത്തിനുവേണ്ടി അക്ഷീണം പ്രയത്നിച്ചിരുന്നു. ഭരണകക്ഷിയിൽ തന്നെ പലരും ആന്റണിയുടെ മാറ്റത്തിന് എതിരായിരുന്നു. ആന്റണിക്ക് പകരം ദേവികുളത്തേക്ക് മാറുന്നത് ഇടുക്കി എ.ഡി.എമ്മായി സേവനമനുഷ്ഠിക്കുന്ന മാണി ഗ്രൂപ്പിന്റെ വിശ്വസ്തനായ ഉദ്യോഗസ്ഥനാണ്.